**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 164** **12-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പിയിൽ ഫയർ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ പി . | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പട്ടാമ്പി മണ്ഡലത്തിലെ ഫയർ ആൻഡ് റസ്ക്യൂ സേവനങ്ങൾക്കായി ഷൊർണ്ണൂർ സബ് സ്റ്റേഷനെ ആശ്രയിക്കേണ്ടിവരുന്നത് ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പട്ടാമ്പി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ബി) | പാലക്കാട് ജില്ലയിൽ പട്ടാമ്പി കേന്ദ്രമാക്കി ഫയർ സ്റ്റേഷൻ തുടങ്ങാൻ 05-05-2018 ലെ സർക്കാർ ഉത്തരവ് (സാധാ) 1300/18/ആഭ്യന്തരം പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. സ്റ്റേഷൻ നിർമ്മാണത്തിനായി കൊപ്പം ഗ്രാമപഞ്ചായത്തിലെ ആമയൂർ എന്ന സ്ഥലത്ത് റീസർവേ നമ്പർ.280/2 ൽ ഉൾപ്പെട്ട വ്യവസായ വകുപ്പിന്റെ സ്ഥലം കൈമാറി ലഭിക്കുന്നതിനുള്ള നടപടി പാലക്കാട് ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു. |
| (സി) | അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് എത്രയും വേഗം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സ്ഥലത്തിന്റെ ലഭ്യത, ഫണ്ടിന്റെ ലഭ്യത, കെട്ടിട നിർമ്മാണം എന്നിവയ്ക്ക് വിധേയമായി മാത്രമേ ഫയർസ്റ്റേഷൻ ആരംഭിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ